LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സംസ്ഥാനത്ത് ഉപഭോക്തൃസംരക്ഷണത്തിനായി നിലവിലുള്ള വിവിധ ഫോറങ്ങൾ താഴെ പറയുന്നവയാണ്.

(i) ഉപഭോക്താക്കളുടെ പരാതി പരിഹാരത്തിനായി സംസ്ഥാനതലത്തിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജ് പ്രസിഡണ്ടായുള്ള സംസ്ഥാന ഉപഭോക്തൃതർക്കപരിഹാര കമ്മീഷൻ

(ii) 14 ജില്ലകളിലും ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങൾ

(iii) ഉപഭോക്താക്കളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട ഉപഭോക്തൃകാര്യ വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാന ഉപഭോക്തൃ സംരക്ഷണ സമിതി

(iv) ജില്ലാതലങ്ങളിൽ ജില്ലാ കളക്ടർ ചെയർമാനായി, ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി.

ഉപഭോക്താക്കളുടെ പരാതികൾ സമയബന്ധിതമായി പരിഹരിച്ച് നല്കുകയാണ് ഇവയുടെ ലക്ഷ്യം.

റസിഡന്റ്സ് അസോസിയേഷനുകൾ

131(2770) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റസിഡന്റ്സ് അസോസിയേഷനുകൾ രജിസ്റ്റർ ചെയ്യുകയും പ്രവർത്തിക്കുന്നതും ഏതെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള റ്റി. 741/96 നമ്പർ റസിഡന്റ്സ് അസോസിയേഷൻ പ്രവർത്തനക്ഷമമാണോ; വിശദമാക്കാമോ;

(സി) പ്രസ്തുത അസോസിയേഷൻ കാലാകാലങ്ങളിൽ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് സ്റ്റേറ്റ്മെന്റും സർക്കാരിന് സമർപ്പിക്കാറുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ടിലെ 32-ാം വകുപ്പിൽ വിവരിക്കുന്ന ഉദ്ദേശ്യങ്ങൾക്കുവേണ്ടിയും, 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിലെ 20-ാം വകുപ്പിൽ വിവരിക്കുന്ന ഉദ്ദേശ്യങ്ങൾക്കുവേണ്ടിയും റസിഡന്റ്സ് അസോസിയേഷൻ ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് രജിസ്റ്റർ ചെയ്ത പ്രവർത്തിക്കാവുന്നതാണ്.

(ബി) റ്റി. 741/96-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള നേതാജി നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സ് റസിഡന്റ്സ് അസോസിയേഷൻ നാളിതുവരെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഇത്തരത്തിൽ റിട്ടേൺസ് ഫയൽ ചെയ്യാത്ത സൊസൈറ്റികൾ പ്രവർത്തനക്ഷമമാണെങ്കിൽ, ഇപ്പോൾ സർക്കാർ നടപ്പാക്കിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സൊസൈറ്റികൾ അടയ്ക്കേണ്ടുന്ന പിഴത്തുകയിൽ ഇളവ് ലഭിക്കുന്നതാണ്. പ്രസ്തുത ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 31-3-2016 വരെയാണ്.

(സി) പ്രസ്തുത സംഘം 14-8-1996-ൽ രജിസ്റ്റർ ചെയ്യുകയും 23-8-1996-ൽ ആദ്യ ഭരണസമിതി ലിസ്റ്റും ഓഫീസ് അഡ്രസ്സും തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസിൽ ഫയൽ ചെയ്യുകയും ചെയ്തു. അതിനുശേഷം നാളിതുവരെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്തിട്ടില്ല. ആയതിന്റെ കാരണം ടി ഓഫീസിനെ അറിയിച്ചിട്ടില്ലാത്തതുമാണ്.

ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ

132(2771) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് 287 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾക്ക് ഫീസൊടുക്കുവാൻ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാനതലത്തിൽ പൂർത്തീകരിച്ചുവരുന്നു. ബാധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly